<u>15 -ാം കേരള നിയമസഭ</u>

<u>12 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1492</u> <u>10-10-2024 - ൽ മറുപടിയ്ക്ക്</u>

<u>ഭൂമി ഏറ്റെടുക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ അനന്തമായി നീണ്ടുപോകുന്നത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടികൾ ത്വരിതരപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ നിയമത്തിലും 2015-ലെ കേരളാ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ചട്ടങ്ങളിലും പരാമർശിച്ചിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിച്ചാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നത്.<br><br>സമുചിത ഗവൺമെന്റിന് ന്യായീകരിക്കത്തക്ക സാഹചര്യം നിലനിൽക്കുന്ന എന്ന അഭിപ്രായം ഉള്ളപ്പോൾ പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടുള്ള നടപടികൾ ദീർഘിപ്പിക്കുന്നതിനുള്ള അധികാരം നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാസമയം ഫണ്ട് ലഭിക്കുകയും സാങ്കേതിക തടസ്സങ്ങൾ ഇല്ലാതിരിക്കുകയും ചെയ്താൽ ഏറ്റെടുക്കൽ നടപടി ആരംഭിച്ച് 3 വർഷത്തിനുള്ളിൽ അവാർഡ് തുക വിതരണം ചെയ്യുന്ന വരെയുള്ള നടപടികൾ പൂർത്തീകരിയ്ക്കാൻ കഴിയുന്നതാണ്. |
| (ബി) | കിഫ്ബി പദ്ധതിയിൽ അംഗീകാരം ലഭിച്ച മാവൂർ എൻ.ഐ.ടി.-കൊടുവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ഇനി എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളത്; ഇവ ഓരോന്നും പൂർത്തീകരിക്കാൻ കഴിയുന്ന സമയക്രമം വിശദമാക്കാമോ? | (ബി) | മാവൂർ എൻ.ഐ.ടി - കൊടുവള്ളി റോഡിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 10/07/2024-ന് 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും നിലവിൽ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തിവരികയുമാണ്. ഇതോടൊപ്പം പബ്ളിക് ഹിയറിങ് നടത്തേണ്ടതുമുണ്ട്. അതിന് ശേഷം മറ്റ് സാങ്കേതിക തടസ്സങ്ങളൊന്നുമില്ലെങ്കിൽ 2013-ലെ ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ ആക്ട് പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തികരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ